**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3924** **16.05.2017 ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജിന്റെ ലക്ഷ്യം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ. എ.പി. അനിൽ കുമാർ**<br>**ശ്രീ. വി.ടി. ബൽറാം** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചുവോ; എങ്കിൽ നിർദ്ദേശിക്കപ്പെട്ട 105 പദ്ധതികളിൽ എത്ര എണ്ണം കാലാവധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞു; | (എ) അവസാനിച്ചു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ഏഴ് കേന്ദ്രാവിഷ്കൃത പദ്ധതികളും ആറ് സംസ്ഥാന ആവിഷ്കൃത പദ്ധതികളും ഉൾപ്പെടെ വകുപ്പിന്റെ മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) കുട്ടനാട് പാക്കേജിന് വേണ്ടി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു; പദ്ധതി സംബന്ധിച്ച വിലയിരുത്തൽ എന്താണ്; | (ബി) വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 8546.756 ലക്ഷം രൂപയും സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ 355.53 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>വകുപ്പ് നടപ്പിലാക്കിയ പദ്ധതികളിലൂടെ നെൽകൃഷി മേഖലയിൽ കാർഷിക യന്ത്രവത്കരണത്തിലൂടെ കൃഷി ചെലവ് കുറച്ച് കൃഷി ആദായകരമാക്കുവാൻ സാധിച്ചിട്ടുണ്ട്. തെങ്ങിൻ തോട്ടങ്ങളുടെ സമഗ്ര പരിപാലനം, തരിശുനില കൃഷി സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, പരിസ്ഥിതി സൗഹൃദ കാർഷിക പ്രവർത്തനങ്ങൾ എന്നിവ നെൽകൃഷി മേഖലയിൽ സാധ്യമായി. നെല്ല്, എള്ള് എന്നിവ യുടെ കൃഷി ഓണാട്ടുകര മേഖലയിൽ സുസ്ഥിരപ്പെടുത്തുവാനും സാധിച്ചു. |

(....2)

| | | | |
|---|---|---|---|
| (സി) | കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കി യിട്ടുണ്ടോ; | (സി) | നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ പ്രമുഖ വിളകളെ അടിസ്ഥാനപ്പെടുത്തി 32 പ്രത്യേക കാർഷിക മേഖലകൾ വികസിപ്പിച്ചെടുക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നീ പ്രമുഖ നെൽകൃഷി മേഖലകളെ ഉൾപ്പെടുത്തി നെല്ലിന്റെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഡി) | കേരളത്തിന് ആവശ്യമായ നെല്ലിന്റെ 35 ശതമാനം ഉൽപ്പാദിപ്പിക്കുന്ന കുട്ടനാടിന്റെ സംഭാവന 50 ശതമാനമായി ഉയർത്തണമെന്ന കുട്ടനാട് പാക്കേജിലെ ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ്? | (ഡി) | ഇല്ല. മേഖലയിലെ 210 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഈ പാടശേഖരങ്ങളെ ഒരുപ്പൂ കൃഷിയിൽ നിന്നും ഇരിപ്പൂ കൃഷിയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ലാത്തതിനാൽ ലക്ഷ്യം നേടുന്നതിന് കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**